

■ കവർസ്റ്റോറി

പി.എ.എം അബ്ദുൽഖാദിർ

# ഘടനാപരമായ പരിഷ്കരണം:
# വിദ്യാഭ്യാസരംഗം മെച്ചപ്പെടുമോ?


**വിദ്യാഭ്യാസ** രംഗത്തെ ഘടനാപരമായ പരിഷ്കാരങ്ങളെക്കുറിച്ച ചർച്ചകൾ സജീവമാണിപ്പോൾ. എയ്ഡഡ് - സർക്കാർ സ്കൂളുകളുടെ അക്കാദമിക-സാമ്പത്തിക ചുമതലകൾ തദ്ദേശസ്ഥാപനങ്ങളെ ഏൽപിക്കത്തക്ക രീതിയിൽ വിദ്യാഭ്യാസ നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി വരുത്താനാണ് 15 നിർദേശങ്ങളടങ്ങുന്ന ടേംസ് ഓഫ് റഫറൻസിൽ സി.പി നായർ അധ്യക്ഷനായ കമ്മിറ്റിയോട് സർക്കാർ ആവശ്യപ്പെട്ടിരുന്നത്. ടേംസ് ഓഫ് റഫറൻസിലെ ഓരോ നിർദേശവും അപഗ്രഥനം ചെയ്ത ശേഷമേ അവയുടെ ഗുണദോഷങ്ങൾ വിശകലനം ചെയ്യാൻ കഴിയുകയുള്ളൂ. കേരളത്തിലെ വിദ്യാഭ്യാസരംഗം ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ആഴവും പരപ്പും വിശകലനം ചെയ്യുകയും കേരളത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക പശ്ചാത്തലത്തിൽ അവയുടെ പരിഹാര മാർഗങ്ങൾ ചർച്ചചെയ്യുകയുമാണ് അഭികാമ്യം.

ഒന്നാമതായി, സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ അക്കാദമിക-സാമ്പത്തിക ചുമതലകളടക്കമുള്ള കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിക്കത്തക്കരീതിയിലുള്ള പരിഷ്കാരങ്ങളാണ് വിദ്യാഭ്യാസ നിയമത്തിലും ചട്ടത്തിലും സർക്കാർ ആവശ്യപ്പെട്ടത്. സംസ്ഥാന റവന്യൂവിലെ ഗണ്യമായൊരു വിഹിതം വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നതിന്റെ ഭാരമാണ് ഇത്തരത്തിലുള്ള മാറ്റത്തെപ്പറ്റി ചിന്തിക്കാൻ സംസ്ഥാന സർക്കാറിനെ പ്രേരിപ്പിക്കുന്നത്. ഫീസിനത്തിൽ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽനിന്ന് സർക്കാറിന് ലഭിക്കുന്ന വരുമാനം ഈ മേഖലയിലെ ചെലവിനേക്കാൾ വളരെ കുറവാണ്. ഗുണനിലവാരം മെച്ചപ്പെടുത്തൽ, പാഠപുസ്തക നിർമാണം, ഓറിയന്റേഷൻ ക്യാമ്പുകൾ തുടങ്ങിയ ഇനങ്ങളിൽ സർക്കാറിന് വൻ തുകചെലവിടേണ്ടി വരുന്നു. അധ്യാപകർക്കായി നടത്തുന്ന ഓറിയന്റേഷൻ കോഴ്സുകളും ഇൻസർവീസ് കോഴ്സുകളും പ്രഹസനമായി മാറുന്നുണ്ടെങ്കിലും ഈ രംഗത്തും കോടികളുടെ ബാധ്യതയാണ് സർക്കാറിനുള്ളത്. ഗവൺമെന്റ് റവന്യൂവിലെ നല്ലൊരു ഭാഗവും വിനിയോഗിക്കപ്പെടുന്ന ഈ മേഖല കൈയൊഴിയുന്നതോടെ വന്നുചേരുന്ന സാമ്പത്തികാശ്വാസമാണ് വിദ്യാഭ്യാസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിക്കാൻ സർക്കാറിനെ പ്രേരിപ്പിക്കുന്നത്. എ.ഇ.ഒ, ഡി.ഇ.ഒ തുടങ്ങിയ പരമ്പരാഗത തസ്തികകൾ ഇല്ലാതാക്കി ഗ്രാമ-ബ്ലോക്കു പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ഉദ്യോഗസ്ഥരെ നിയമിക്കുകവഴി സർക്കാറിന്റെ സാമ്പത്തിക ഭാരം എങ്ങനെ കുറക്കാൻ കഴിയുമെന്നത് കാത്തിരുന്നു കാണേണ്ട കാര്യമാണ്. അതേയവസരത്തിൽ ഉദ്യോഗസ്ഥരുടെ അധികാര പരിധി ജില്ലാ-ഉപജില്ലാ തലത്തിൽനിന്ന് ഗ്രാമ പഞ്ചായത്ത്-ബ്ലോക്ക് തലത്തിലേക്ക് പരിമിതപ്പെടുത്തുന്നതുകൊണ്ടുമാത്രം ഗുണപരമായ എന്തു നേട്ടം കൈവരിക്കാൻ കഴിയുമെന്നതും വ്യക്തമല്ല. സംസ്ഥാനത്തെ ഏതാനും ഡി.ഇ.ഒമാർക്കും എ.ഇ.ഒ മാർക്കും അവരുടെ പരിധിയിൽവരുന്ന സ്കൂളുകളുടെയും അധ്യാപകരുടെയും ആധിക്യം കൃത്യ നിർവഹണത്തിന് തടസ്സമാകുന്നുവെന്ന വസ്തുത അവഗണിക്കാനും കഴിയില്ല. അത്തരം വിദ്യാഭ്യാസജില്ലകളും ഉപജില്ലകളും വേർതിരിക്കുന്നതിലൂടെ ഭാരം ലഘൂകരിക്കാൻ കഴിയും. കേരളത്തിലെ വളരെയധികം പഞ്ചായത്തുകളിൽ ഒരു പ്രത്യേക വിദ്യാഭ്യാസ ഓഫീസറുടെ മേൽനോട്ടം അനിവാര്യമാക്കുന്ന തരത്തിൽ സ്കൂളുകൾ ഇല്ല. ഫലത്തിൽ ഗ്രാമ-ബ്ലോക്കുതല വിദ്യാഭ്യാസ ഓഫീസുകൾ നിലവിൽവന്നാൽ അവയിൽ നല്ലൊരു ശതമാനം കാര്യമായ ജോലികളില്ലാത്തവയായി

മാറും. ഭരണപരമായ ചുമതലകൾ അധികമില്ലെങ്കിൽ ബാക്കി സമയം വിദ്യാലയങ്ങളുടെ ഗുണപരമായ മേന്മക്ക് സഹായകമായ ജോലികൾ ചെയ്യാൻ ഈ ഓഫീസുകളിലെ ഉദ്യോഗസ്ഥർ ശ്രമിക്കുമെന്ന് കരുതാനും വയ്യ. കാരണം, വിദ്യാഭ്യാസ ഓഫീസർ ഒഴികെ മറ്റ് ഉദ്യോഗസ്ഥരാരും തന്നെ അക്കാദമിക ഉത്തരവാദിത്വ നിർവഹണത്തിന് പര്യാപ്തരായിക്കൊള്ളണമെന്നില്ല. അത്തരം ഉദ്യോഗസ്ഥരെ നിയമിക്കുന്നതുതന്നെ ഗുമസ്ത ജോലി നിർവഹിക്കുന്നതിനുള്ള യോഗ്യതയും പരിചയവും നോക്കി മാത്രമാണ്. ഫലത്തിൽ, ഗ്രാമ-ബ്ലോക്കു പഞ്ചായത്തുതല വിദ്യാഭ്യാസ ഓഫീസുകളും ജീവനക്കാർ വിശ്രമിക്കുന്ന ചില സർക്കാർ ഓഫീസുകൾ പോലെ ആയിത്തീരും.

എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം പി.എസ്.സിക്ക് വിടണമെന്നതാണ് വിദ്യാഭ്യാസ നിയമ പരിഷ്കരണ സമിതി മുന്നോട്ടുവെക്കുന്ന മറ്റൊരു നിർദേശം. അധ്യാപക നിയമനത്തിലെ വൻ കോഴയാണ് ഇത്തരമൊരു നിർദേശത്തിന് സമിതിയെ പ്രേരിപ്പിച്ചതെന്നു വേണം കരുതാൻ. ലക്ഷങ്ങൾ കോഴകൊടുത്ത് അധ്യാപകജോലി വാങ്ങുന്നവരിൽ നല്ലൊരു വിഭാഗം ജോലിയോട് ആത്മാർഥത പുലർത്തുന്നില്ല എന്ന ആരോപണവും ശക്തമാണ്. കോഴ വാങ്ങി അധ്യാപകനെ നിയമിച്ചു കഴിയുന്നതോടെ മാനേജറുടെ ബാധ്യത കഴിഞ്ഞു എന്നതാണ് സ്ഥിതി. ക്ലാസ് മുറിയിൽ അധ്യാപകന്റെ പ്രകടനം വിലയിരുത്താൻ മാനേജർക്ക് ബാധ്യതയില്ല. സർക്കാർ ശമ്പളം കൊടുക്കുന്ന എ.ഇ.ഒ മാരും ഡി.ഇ.ഒ മാരുമാണ് അത് ചെയ്യേണ്ടത്. കോഴയിനത്തിൽ ലക്ഷങ്ങൾ വാരിക്കൂട്ടാനുള്ള ഒരു മാർഗമായി എയ്ഡഡ് വിദ്യാഭ്യാസ മേഖല മാറിയിരിക്കുന്നു. അതേയവസരത്തിൽ അപൂർവം ചില ചാരിറ്റബ്ൾ ട്രസ്റ്റുകളും സൊസൈറ്റികളും നടത്തുന്ന സ്കൂളുകൾ ഗുണനിലവാരത്തിലും അച്ചടക്കത്തിലും കുട്ടികളുടെ സ്വഭാവ രൂപവൽക്കരണത്തിലും ഉന്നത നിലവാരം പുലർത്തുന്നുണ്ട്. ഇവിടെ കോഴയുടെ കവാടം പൂർണമായും കൊട്ടിയടക്കുകയും മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം അധ്യാപകരെ നിയമിക്കുകയും ചെയ്യുന്ന ഒരു സംവിധാനത്തെപ്പറ്റിയാണ് ചിന്തിക്കേണ്ടത്.

പഞ്ചായത്തുതല വിദ്യാഭ്യാസ കൗൺസിലുകളാണ് സമിതിയുടെ ശിപാർശകളിൽ മുഖ്യമായ മറ്റൊരു നിർദേശം. സ്കൂളുകളുടെ അടിസ്ഥാന വികസനമടക്കമുള്ള കാര്യങ്ങളുടെ നേതൃപരമായ പങ്ക് പഞ്ചായത്തുകളെ



**വിദ്യാഭ്യാസത്തിലൂടെ അനിവാര്യമായും ആർജിച്ചെടുക്കേണ്ട ശാസ്ത്രചിന്ത, ഗവേഷണപരത, തൊഴിൽ പര്യാപ്തത, സ്വഭാവഗുണങ്ങൾ ഉദ്ഗ്രഥന മനോഭാവം തുടങ്ങിയ ഉന്നതശേഷികളും ഗുണങ്ങളും കൈമുതലാക്കിയ ഉത്തമതലമുറയെ സൃഷ്ടിച്ചെടുക്കലായിരിക്കണം വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടേണ്ടത്. ഈ ലക്ഷ്യം നേടിയെടുക്കാൻ പര്യാപ്തമായ നിലയിൽ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തെ പരിവർത്തിപ്പിക്കുകയാണ് നമ്മുടെ ദൗത്യം.**

ഏൽപിക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഏതൊരു പ്രവൃത്തിയും കാര്യക്ഷമവും കുറ്റമറ്റതുമായിത്തീരണമെങ്കിൽ അതേറ്റെടുത്തു നടത്തുന്നവരുടെ കാര്യക്ഷമത സുപ്രധാന ഘടകമാണ്. നമ്മുടെ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതികളിൽ ബഹുഭൂരിപക്ഷവും ഭാവിതലമുറയെ വാർത്തെടുക്കുന്ന ഒരു മഹത്തായ ദൗത്യത്തിന്റെ ചുക്കാൻ പിടിക്കാൻ പര്യാപ്തരാണെന്ന് കരുതാൻ വയ്യ. അധികാര വികേന്ദ്രീകരണം പഞ്ചായത്തു തലത്തിലേക്ക് എന്നതാണ് നമ്മുടെ മുദ്രാവാക്യമെങ്കിലും അഴിമതി വികേന്ദ്രീകരണം പഞ്ചായത്തിലേക്കും എന്നതാണ് ഫലം. നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥയും അതിനനുസരിച്ച് തുള്ളുന്ന ഉദ്യോഗസ്ഥവൃന്ദവും നിലനിൽക്കുന്നിടത്തോളം മറിച്ചൊരു ചിന്ത അസ്ഥാനത്താണ്. അധികാരം കൈയാളുന്നവരുടെ ഇഛാശക്തിയും കാര്യക്ഷമതയുമാണ് ഇവിടെ പ്രധാനം.

ജനപ്രതിനിധികൾ, പി.ടി.എ അംഗങ്ങൾ, മാനേജർമാർ, വിദ്യാഭ്യാസ വിദഗ്ധർ തുടങ്ങിയവർ കൗൺസിലിൽ ഉൾക്കൊള്ളണമെന്ന വിദ്യാഭ്യാസ പരിഷ്കരണസമിതിയുടെ കാഴ്ചപ്പാട് ശ്ലാഘനീയം തന്നെ. പക്ഷേ, തങ്ങളുടെ രാഷ്ട്രീയ വൃത്തത്തിനപ്പുറം വിദ്യാഭ്യാസ വിദഗ്ധരെ കണ്ടെത്താൻ കഴിയാത്ത രാഷ്ട്രീയ പാർട്ടികൾ അധികാരം കൈയാളുമ്പോൾ അനർഹർ അകത്തും അർഹർ പുറത്തും എന്നതായിരിക്കും ഫലം. ഈ രംഗത്ത് അധ്യാപകരുടെയും അധ്യാപക സംഘടനകളുടെയും സേവനം രാഷ്ട്രീയത്തിനതീതമായി എത്രമാത്രം ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് കൂലങ്കഷമായ ചിന്തയും പഠനവും ആവശ്യമാണ്.

ഏഴാംക്ലാസ് വരെ പ്രൈവറ്റായി പഠിച്ച് പരീക്ഷയെഴുതാൻ അനുവദിക്കുന്ന ഇന്നത്തെ രീതി മാറ്റണമെന്ന നിർദേശമാണ് സമിതിക്കുള്ളത്. ലഭ്യമായ ഏത് മാർഗത്തിലൂടെയും വിജ്ഞാനം ആർജിക്കാനുള്ള അവസരം വളരുന്ന തലമുറക്ക് നഷ്ടപ്പെടുത്തിക്കൂടാ. സർക്കാർ നിശ്ചയിക്കുന്ന minimum level of learning-ന്റെ മുകളിൽ നിൽക്കുന്ന ഏതൊരു കുട്ടിക്കും തുടർപഠനത്തിനുള്ള അവസരം നിഷേധിക്കുന്നത് അഭികാമ്യമല്ല. വിദ്യ നേടാനും വിദ്യ പകർന്നുകൊടുക്കാനുമുള്ള അവസരങ്ങൾ രാജ്യത്ത് വർധിക്കുന്നത് എപ്പോഴും സാംസ്കാരിക മുന്നേറ്റത്തിന് വഴിയൊരുക്കും. സ്വകാര്യ വിദ്യാഭ്യാസ സംരംഭങ്ങൾ രാഷ്ട്രതാൽപര്യത്തിനോ ഭരണഘടന ലക്ഷ്യം വെക്കുന്ന മൂല്യങ്ങൾക്കോ എതിരാവാത്ത കാലത്തോളം അവയെ നിരുത്സാഹപ്പെടുത്തുന്നതും തടയിടുന്നതും ഒരിക്കലും അഭിലഷണീയമല്ല.

നിരവധി വിദ്യാഭ്യാസ കമീഷനുകളും പരിഷ്കരണ കമ്മിറ്റികളും സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിലവിൽ വന്നെങ്കിലും കേരളം പോലുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ രംഗം പൂർണമായും ജീർണതകളിൽനിന്ന് വിമുക്തമാണെന്ന് പറയാൻ കഴിയില്ല. വിദ്യാഭ്യാസത്തിലൂടെ അനിവാര്യമായും ആർജിച്ചെടുക്കേണ്ട ശാസ്ത്രചിന്ത, ഗവേഷണപരത, തൊഴിൽ പര്യാപ്തത, സ്വഭാവഗുണങ്ങൾ ഉദ്ഗ്രഥന മനോഭാവം തുടങ്ങിയ ഉന്നതശേഷികളും ഗുണങ്ങളും കൈമുതലാക്കിയ ഉത്തമതലമുറയെ സൃഷ്ടിച്ചെടുക്കലായിരിക്കണം വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടേണ്ടത്. ഈ ലക്ഷ്യം നേടിയെടുക്കാൻ പര്യാപ്തമായ നിലയിൽ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തെ പരിവർത്തിപ്പിക്കുകയാണ് നമ്മുടെ ദൗത്യം. ■